## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3409

09.4.2013- ൽ മറുപടിക്ക്

## കയർ ഉല്പന്നങ്ങളുടെ വില സ്ഥിരതാപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>,, എസ്. ശർമ്മ<br>,, കെ. ദാസൻ<br>,, എ. എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് കയർമേഖലയിൽ അനുഭവപ്പെടുന്ന തൊഴിലില്ലായ്മയും കുറഞ്ഞ വേതനവും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)കയർ ഉല്പന്നങ്ങളുടെ വില സ്ഥിരതാപദ്ധതി കാര്യക്ഷമതയോടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) കയർ ക്രയവില സ്ഥിരതാ പദ്ധതി സമഗ്രവും കാര്യക്ഷമവുമായി തന്നെ കയർ കോർപ്പറേഷൻ നടപ്പിലാക്കിവരികയാണ്. 2012-13 വർഷം ഏതാണ്ട് 60 കോടിയോളം രൂപയുടെ വിറ്റ് വരവാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2011-12 ൽ 10,03,20,000/- രൂപയും, 2012-13 ൽ 18,39,60,000/- രൂപയും നൽകിയിട്ടുണ്ട്. |
| (സി)ഈ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തുമോ; | സി) നിലവിലുള്ള തൊഴിലവസരങ്ങൾ നിലനിർത്തുന്നതിനും പുതിയ തൊഴിലാളികളെ കയർമേഖയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി സമഗ്രമായി കൂലി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടിയാണ്. |
| ഡി)തൊഴിലാളികളുടെ വേതനം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കയർപിരി തൊഴിലാളികളുടെ കുറഞ്ഞ കൂലി 210/-രൂപയായും ഉൽപന്ന മേഖലയിലെ കൂലി 200/- രൂപയിൽ നിന്ന് 285/-രൂപയായും പിന്നീട് 360/-രൂപയായും പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ